(4) കൊച്ചി–ബോഡിനായ്ക്കന്നൂർ.

(5) എറണാകുളം–ആലപ്പുഴ–മാവേലിക്കര. അല്ലെങ്കിൽ കായംകുളം.

(6) തിരുനൽവേലി–കന്യാകുമാരി.

(7) തൃശ്ശൂർ–കൊല്ലങ്കോട്–ചിറ്റൂർ.

(8) കൊല്ലം–ചെങ്കോട്ട ലൈനിനെ പുനലൂരിൽ വച്ച് ബന്ധിക്കുകയും, കൊല്ലം, കോട്ടയം ലൈനിനെ മാവേലിക്കരയോ, ചെങ്ങന്നൂരോ തിരുവല്ലായിലോ വച്ച് ബന്ധിക്കുകയും ചെയ്യുന്ന കോർഡ് ലൈൻ. (Chord line)

(9) കുറിപ്പുറം–കൊടുങ്ങല്ലൂർ. (ഗുരുവായൂർ വഴി.)

(10) ഏറ്റുമാനൂർ. (കോട്ടയം–എറണാകുളം ലൈൻ.) മുണ്ടക്കയം.

(സി) ഉണ്ട്.

ഇഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റൽ.

* 152. [37] ശ്രീ. കെ. സി. ജോർജ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) ഇഞ്ചിനീയറിംഗ് കോളേജിനോടനുബന്ധിച്ച് വിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കുവാനുള്ള ഹോസ്റ്റൽ ബിൽഡിംഗ്സ് ഇന്ന നിലവിലുണ്ടോ :

(ബി) ഇഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റൽ ബിൽഡിംഗ് പണിയുന്നതിനായി യൂണിവേഴ്സിറ്റി ഫണ്ടിൽ തുക കൊള്ളിച്ചിരുന്നോ ;

(സി) ഇക്കാര്യത്തിൽ യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻ എന്തെങ്കിലും സാമ്പത്തികസഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഹോസ്റ്റൽ ഉണ്ട്. അതു് ഇപ്പോൾ വാടകക്കെട്ടിടങ്ങളിലാണ് സ്ഥാപിച്ചിട്ടുള്ളതു്.

(ബി) ഇല്ല.

(സി) 5 ലക്ഷം രൂപ പലിശയില്ലാതെ കടം തരാമെന്ന സമ്മതിച്ചിട്ടുണ്ട്.

കടിയേറുപദ്ധതി.

* 153. [38] ശ്രീ. കെ. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചിയിൽ നിന്നും എത്ര കുടുംബങ്ങൾ വെളിയിൽ കുടിയേറിപ്പോകാൻ പോയിട്ടുണ്ട് ;

(ബി) ജനസംഖ്യാപ്രശ്നം കുറയ്ക്കുന്നതിനായി പഞ്ചവത്സരപദ്ധതിയുടെ ഭാഗമായിട്ടാണോ ഈ കുടിയേറ്റപദ്ധതി ഗവണ്മെൻറ് സ്വീകരിച്ചിട്ടുള്ളതു് ;

LIBRARY ARCHIVES Kerala Legislative Assembly